# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 524

## 24.01.2018-ലെ മറുപടിക്ക്

## പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.വി.രാജേഷ്.<br>(ബഹു. എം.എൽ.എ) | | ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ) |
| (എ) | 27.01.2011-ൽ ഭരണാനുമതി ലഭിച്ചതും ഇൻകെൽ ഉപേക്ഷിച്ചതുമായ പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം, 16.07.2017-ലെ പുതിയ ഉത്തരവ് പ്രകാരം ഇൻകെൽ മുഖേന വീണ്ടും നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ആദ്യഘട്ടത്തിൽ 10 ട്രഷറികൾക്ക് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 16.07.2017-ലെ G.O(Rt)No.5721/2017/Fin ഉത്തരവ് പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത 10 ട്രഷറികളിലൊരെണ്ണം പഴയങ്ങാടി സബ്ട്രഷറിയാണ്. എന്നാൽ 27/10/2017 -ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ ഇൻകെൽ സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ പരിശോധിക്കുകയും പ്രസ്തുത ഡി.പി.ആർ- ൽ സാങ്കേതിക ന്യൂനതകൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണാനുമതി ഉൾപ്പെടെ ലഭിച്ചതിന് ശേഷം പുതുക്കിയ ഡി.പി.ആർ സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ന്യൂനതകൾ പരിഹരിച്ച പുതുക്കിയ ഡി.പി.ആർ ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| (ബി) | കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം നൽകാമോ? | ബാധകമല്ല |

**സെക്ഷൻ ഓഫീസർ**